**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2320** **01-09-2022 - ൽ മറുപടിയ്ക്ക്**

**പുനലൂരിൽ എക്സൈസ് കോംപ്ലക്സ് സമുച്ചയം നിർമിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ പുനലൂർ എക്സൈസ് സർക്കിൾ ഓഫീസ് പ്രവർത്തിക്കുന്നത് വളരെ പഴക്കമുള്ളതും അപകടകരമായ നിലയിലുള്ളതുമായ കെട്ടിടത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എക്സൈസ് വകുപ്പിന്റെ അധീനതയിലുള്ള ഇവിടെ പുതിയ എക്സൈസ് സർക്കിൾ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ്, വിമുക്തി ട്രെയിനിങ് സെൻറർ, ഉദ്യോഗസ്ഥരുടെ ക്വോർട്ടേഴ്സ് എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു ഓഫീസ് സമുച്ചയം നിർമിക്കുന്നതിനായി 19.6.2019-ന് വകുപ്പ് മന്ത്രിയുടെ ചേംബറിൽ അന്നത്തെ സ്ഥലം എംഎൽഎയും എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത യോഗവുമായി ബന്ധപ്പെട്ട തീർപ്പ ഫയൽ പരിശോധിച്ചതിൽ ടി യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കിയതായി കാണുന്നില്ല. |
| (സി) | പ്രസ്തുത യോഗത്തിൽ നിലവിലെ പ്ലാനിൽ മാറ്റം വരുത്തി ആധുനിക ഡിസൈനിൽ കൂടുതൽ മനോഹരമായ ഒരു കെട്ടിടം നിർമിക്കുന്നതിനായി പുതിയ പ്ലാൻ തയ്യാറാക്കണം എന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുള്ള 320 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുമേൽ ഭരണാനുമതി ലഭ്യമാക്കാനുള്ള തുടർനടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ; | (സി) | പുനലൂർ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി DSR 2018 പ്രകാരമുള്ള 320 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, പ്ലാനും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട ഫയലിൻമേൽ (ഫയൽ നമ്പർ 2097027) പ്രസ്തുത തുക അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തുക കണ്ടെത്തുന്നതിനുള്ള ശീർഷകം, ഫണ്ട് ലഭ്യത എന്നീ വിവരങ്ങൾ ലഭ്യമാക്കുന്ന മുറക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ